**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3537** **05-08-2021 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രോണിക്സ് വ്യവസായ മേഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. കെ. പ്രേംകുമാർ** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഇലക്ട്രോണിക് വ്യവസായ മേഖലയിൽ കെൽട്രോൺ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്; സംസ്ഥാനത്ത് ഇലക്ട്രോണിക്സ് വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ഏക പൊതുമേഖലാസ്ഥാപനമായ കെൽട്രോൺ 1972 ൽ ആണ് സ്ഥാപിതമായത്. ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിൽ കെൽട്രോണിന് സമാനമായ പൊതു-മേഖലാസ്ഥാപനങ്ങൾ ആരംഭിച്ചിരു-ന്നെങ്കിലും ആഗോളവത്ക്കരണത്തിന്റെ ഫലമായി വിപണിയിൽ നിന്നും നേരിട്ട കടുത്ത മത്സരം അതിജീവിക്കാൻ സാധിക്കാതെ പലതും പ്രവർത്തനം നിർത്തലാക്കുകയുണ്ടായി. എന്നാൽ സർക്കാരിന്റെ ഫലപ്രദമായ ഇടപെടലോടു കൂടി അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഇലക്ട്രോണിക് സാങ്കേതിക രംഗത്ത് വിവിധ വൈവിദ്ധ്യവത്ക്കരണ വിപുലീകരണ പദ്ധതികളിലൂടെ കെൽട്രോണിനും സബ്സിഡിയറി യൂണിറ്റ-കൾക്കും പ്രവർത്തിക്കുവാൻ സാധിച്ചു. കെൽട്രോൺ ഗുണമേന്മയുള്ള നിരവധി ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും രാജ്യത്തുടനീളം വിവിധ ഇലക്ട്രോണിക്സ് അധിഷ്ഠിത പദ്ധതികൾ രൂപകൽപ്പന ചെയ്ത് മികച്ച രീതിയിൽ നടപ്പിലാക്കുകയും ചെയ്തു വരുന്നു. ഡിഫൻസ്, എയ്റോസ്പേയ്സ്, പവർ ഇലക്ട്രോണിക്സ് സിസ്റ്റംസ്, സെക്യൂരിറ്റി സർവൈലൻസ്, ഇന്റലിജന്റ് ട്രാഫിക് മാനേജ്മെന്റ്, ട്രാഫിക് എൻഫോഴ്സ്മെന്റ്, കപ്പാസിറ്റർ നിർമ്മാണം, മെഡിക്കൽ ഇലക്ട്രോണിക്സ്, സ്മാർട്ട് സിറ്റി പദ്ധതികൾ എന്നീ മേഖലകളിൽ വിവിധ സ്ട്രാറ്റജിക് ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുടെ നിർമ്മാണവും അനുബന്ധ പദ്ധതികളും കെൽട്രോൺ നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | ഇലക്ട്രോണിക് വ്യവസായത്തിന്റെ അനന്തമായ സാധ്യതകൾ വിനിയോഗിക്കുന്നതിന് | (ബി) | ഇലക്ട്രോണിക് വ്യവസായത്തിന്റെ അനന്തമായ സാധ്യതകൾ വിനിയോഗി-ക്കുന്നതിന് ഇലക്ട്രോണിക്സ് വ്യവസായ രംഗത്തെ പൊതുമേഖലാ സ്ഥാപനമെന്ന |

| | |
|---|---|
| സംസ്ഥാനത്തിന് വേണ്ടത്ര കഴിഞ്ഞിട്ടുണ്ടോ എന്ന് പരിശോധന നടത്തിയിരുന്നോ; | നിലയിൽ കെൽട്രോൺ എല്ലാ വിധത്തിലും ശ്രമിച്ചിട്ടുണ്ട്. ആഗോളവത്ക്കരണത്തിന്റെ ഫലമായി കൺസ്യൂമർ ഇലക്ട്രോണിക്സ് ഉൽപ്പന്ന-ങ്ങളുടെ വിപണി കൈയ്യടക്കിയിരിക്കുന്നത് കൂടുതലും വിദേശ കമ്പനികളുടെ ഉൽപ്പന്നങ്ങളാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് ഇലക്ട്രോണിക് വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ഏക പൊതുമേഖലാസ്ഥാപനമെന്ന നിലയിൽ കെൽട്രോൺ വ്യവസായ മേഖലയ്ക്ക് പുത്തൻ ഉണർവ്വ് നൽകുന്ന നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതി-നായി നടപടികൾ സ്വീകരിച്ചു വരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു. എയ്റോ സ്പേസ് ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാണം, പ്രതിരോധ വകുപ്പിനാ-വശ്യമായ വിവിധ സ്ട്രാറ്റജിക് ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാണം, വിവിധ സാങ്കേതിക സംവിധാനങ്ങളുടെ ഏകോപനം എന്നീ മേഖലകളിൽ കെൽട്രോൺ ചുവടുറപ്പിക്കുകയുണ്ടായി. കേരളത്തിനകത്തും പുറത്തു-മുള്ള വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ആവശ്യമായ വിവിധ സാങ്കേതിക സേവനങ്ങൾ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഏകോപിപ്പിച്ച് നൽകുന്ന പ്രവർത്തന മേഖലയിൽ കെൽട്രോൺ വൈദഗ്ധ്യം നേടിക്കഴിഞ്ഞു. പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്ക്കരണം, വിപുലീ-കരണം, വൈവിദ്ധ്യവത്ക്കരണം എന്നീ കാര്യങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് അടുത്ത പത്ത് വർഷത്തെ പ്രവർത്തനങ്ങൾ മുന്നിൽ കണ്ടു കൊണ്ടുള്ള സമഗ്രമായ മാസ്റ്റർ പ്ലാൻ കെൽട്രോൺ തയ്യാറാക്കി വരുന്നു. പവർ സെമികണ്ടക്ടറുകൾ, മൾട്ടിലെയർ പി. സി. ബി, സോളാർ പവർ കണ്ടീഷനിംഗ് യൂണിറ്റ്, സോളാർ പമ്പ് കൺട്രോളർ, വാണിജ്യാടിസ്ഥാനത്തിലുള്ള 5KVA യു പി എസ് സിസ്റ്റം, ലിഥിയം അയൺ ബാറ്ററി അസ്സംബ്ലി പ്ലാന്റ് എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് കെൽട്രോൺ രൂപം നൽകിയിട്ടുണ്ട്. സാമൂഹ്യ പ്രതിബദ്ധതയ്ക്ക് ഊന്നൽ നൽകി മെഡിക്കൽ ഇലക്ട്രോണിക്സ് മേഖലയിൽ ക്രിട്ടിക്കൽ കെയർ വെന്റിലേറ്റർ, ഇൻഫന്റ് ബേബി വാർമെർ, ശ്രവൺ മിനി ഹിയറിങ് എയ്ഡ്, കോക്ലിയർ ഇമ്പ്ലാൻറ് സിസ്റ്റം തുടങ്ങിയവയുടെ നിർമ്മാണ-ത്തിനുള്ള പദ്ധതികളും കെൽട്രോൺ ആവിഷ്കരിക്കുന്നുണ്ട്. ഇലക്ട്രോണിക്സ് അനുബന്ധ മേഖലയ്ക്ക് ആവശ്യമായ ഗവേഷണ വികസന സൗകര്യങ്ങൾ, ആധുനിക ടെസ്റ്റിംഗ് സൗകര്യങ്ങൾ, |

| | | | |
|---|---|---|---|
| | | | ഇലക്ട്രോണിക്സ് കമ്പോണന്റ്സിന്റെ നിർമ്മാണ പദ്ധതികൾ എന്നിവയും കേരളത്തിലെ ഇലക്ട്രോണിക്സ് വ്യവസായത്തിന്റെ പുരോഗതി-ക്കായി കെൽട്രോൺ ആവിഷ്കരിച്ച് വരുന്നു. |
| (സി) | വ്യവസായ മേഖലയ്ക്ക് വൻ മുതൽക്കൂട്ടാകാവുന്ന ഇലക്ട്രോണിക് വ്യവസായമേഖലയ്ക്ക് പുത്തൻ ഉണർവ്വ് നൽകുന്ന നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഇലക്ട്രോണിക് വ്യവസായത്തിന്റെ അനന്തമായ സാധ്യതകൾ വിനിയോഗി-ക്കുന്നതിന് ഇലക്ട്രോണിക്സ് വ്യവസായ രംഗത്തെ പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ കെൽട്രോൺ എല്ലാ വിധത്തിലും ശ്രമിച്ചിട്ടുണ്ട്. ആഗോളവത്ക്കരണത്തിന്റെ ഫലമായി കൺസ്യൂമർ ഇലക്ട്രോണിക്സ് ഉൽപ്പന്ന-ങ്ങളുടെ വിപണി കൈയ്യടക്കിയിരിക്കുന്നത് കൂടുതലും വിദേശ കമ്പനികളുടെ ഉൽപ്പന്നങ്ങളാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് ഇലക്ട്രോണിക് വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ഏക പൊതുമേഖലാസ്ഥാപനമെന്ന നിലയിൽ കെൽട്രോൺ വ്യവസായ മേഖലയ്ക്ക് പുത്തൻ ഉണർവ്വ് നൽകുന്ന നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതി-നായി നടപടികൾ സ്വീകരിച്ചു വരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു. എയ്റോ സ്പേസ് ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാണം, പ്രതിരോധ വകുപ്പിനാ-വശ്യമായ വിവിധ സ്ട്രാറ്റജിക് ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാണം, വിവിധ സാങ്കേതിക സംവിധാനങ്ങളുടെ ഏകോപനം എന്നീ മേഖലകളിൽ കെൽട്രോൺ ചുവടുറപ്പിക്കുകയുണ്ടായി. കേരളത്തിനകത്തും പുറത്തു-മുള്ള വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ആവശ്യമായ വിവിധ സാങ്കേതിക സേവനങ്ങൾ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഏകോപിപ്പിച്ച് നൽകുന്ന പ്രവർത്തന മേഖലയിൽ കെൽട്രോൺ വൈദഗ്ധ്യം നേടിക്കഴിഞ്ഞു. പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്ക്കരണം, വിപുലീ-കരണം, വൈവിദ്ധ്യവത്ക്കരണം എന്നീ കാര്യങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് അടുത്ത പത്ത് വർഷത്തെ പ്രവർത്തനങ്ങൾ മുന്നിൽ കണ്ടു കൊണ്ടുള്ള സമഗ്രമായ മാസ്റ്റർ പ്ലാൻ കെൽട്രോൺ തയ്യാറാക്കി വരുന്നു. പവർ സെമികണ്ടക്ടറുകൾ, മൾട്ടിലെയർ പി. സി. ബി, സോളാർ പവർ കണ്ടീഷനിംഗ് യൂണിറ്റ്, സോളാർ പമ്പ് കൺട്രോളർ, വാണിജ്യാടിസ്ഥാനത്തിലുള്ള 5KVA യു പി എസ് സിസ്റ്റം, ലിഥിയം അയൺ ബാറ്ററി അസ്സംബ്ലി പ്ലാന്റ് എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് കെൽട്രോൺ രൂപം നൽകിയിട്ടുണ്ട്. സാമൂഹ്യ പ്രതിബദ്ധതയ്ക്ക് ഊന്നൽ നൽകി മെഡിക്കൽ ഇലക്ട്രോണിക്സ് മേഖലയിൽ ക്രിട്ടിക്കൽ |

| | | | |
|---|---|---|---|
| | | | കെയർ വെന്റിലേറ്റർ, ഇൻഫന്റ് ബേബി വാർമെർ, ശ്രവൺ മിനി ഹിയറിങ് എയ്ഡ്, കോക്ലിയർ ഇമ്പ്ലാൻറ് സിസ്റ്റം തുടങ്ങിയവയുടെ നിർമ്മാണ-ത്തിനുള്ള പദ്ധതികളും കെൽട്രോൺ ആവിഷ്കരിക്കുന്നുണ്ട്. ഇലക്ട്രോണിക്സ് അനുബന്ധ മേഖലയ്ക്ക് ആവശ്യമായ ഗവേഷണ വികസന സൗകര്യങ്ങൾ, ആധുനിക ടെസ്റ്റിംഗ് സൗകര്യങ്ങൾ, ഇലക്ട്രോണിക്സ് കമ്പോണന്റ്സിന്റെ നിർമ്മാണ പദ്ധതികൾ എന്നിവയും കേരളത്തിലെ ഇലക്ട്രോണിക്സ് വ്യവസായത്തിന്റെ പുരോഗതി-ക്കായി കെൽട്രോൺ ആവിഷ്കരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ